**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3022** **10-03-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ വി ജോയി,<br>ശ്രീ. കെ. ജെ. മാക്സി,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ ധനസഹായത്താൽ തീരദേശവികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന മത്സ്യഗ്രാമം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്താൽ കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന ആധുനിക സംയോജിത മത്സ്യഗ്രാമം പദ്ധതിയുടെ പുരോഗതിയും കേന്ദ്ര സർക്കാർ ധനസഹായത്താൽ കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന കാലാവസ്ഥ വ്യതിയാന പ്രതിരോധ തീരദേശ മത്സ്യഗ്രാമം പദ്ധതിയുടെ പുരോഗതിയും സർക്കാർ തലത്തിലും വകുപ്പ് തലത്തിലും നിരന്തരം വിലയിരുത്തുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്; ഇതിന് ആവശ്യമായ കേന്ദ്രസഹായം പൂർണ്ണമായും ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ഒമ്പത് മത്സ്യഗ്രാമങ്ങളിലായി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുള്ള "ആധുനിക സംയോജിത മത്സ്യഗ്രാമം പദ്ധതി" ക്ക് 2024 മാർച്ച് മാസത്തിലാണ് അനുമതി ലഭിച്ചിട്ടുള്ളത്. അനുമതി ലഭ്യമായതു മുതൽ 2 വർഷമാണ് ഈ പദ്ധതിയുടെ പൂർത്തീകരണ കാലാവധി. ഈ പദ്ധതിക്ക് കേന്ദ്ര സഹായം ഘട്ടംഘട്ടമായാണ് ലഭിക്കുന്നത്. അതിന്റെ ആദ്യ ഗഡു തുക ലഭ്യമായിട്ടുണ്ട്.<br><br>ആറ് മത്സ്യഗ്രാമങ്ങളിൽ നടപ്പിലാക്കുന്ന 'കാലാവസ്ഥ പ്രതിരോധ മത്സ്യഗ്രാമപദ്ധതി' (CRCFV)യുടെ പൂർത്തീകരണ കാലാവധി 2025 ജനുവരി മുതൽ 12 മാസമാണ്. ഓരോ മത്സ്യഗ്രാമത്തിനും 200 ലക്ഷം രൂപ നിരക്കിൽ ആറ് മത്സ്യഗ്രാമങ്ങൾക്ക് 1200 ലക്ഷം രൂപയ്ക്ക് പദ്ധതി നിർവ്വഹണം നടത്തുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ആയതിന്റെ ആദ്യ ഗഡു തുകയായ 300 ലക്ഷം രൂപ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഒമ്പത് മത്സ്യഗ്രാമങ്ങളിൽ നടപ്പിലാക്കുന്ന സംയോജിത ആധുനിക മത്സ്യഗ്രാമപദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ആവശ്യമായ കൂടുകളിലെ മത്സ്യകൃഷി, മത്സ്യത്തൊഴിലാളികൾക്ക് ഐസ് ബോക്സ് നൽകൽ, മത്സ്യത്തൊഴിലാളി വനിതാ ഗ്രൂപ്പുകൾക്ക് പോർട്ടബിൾ സോളാർ ഡ്രയർ നൽകൽ, ഓരുജലത്തിലെ മത്സ്യകൃഷി, മത്സ്യത്തൊഴിലാളി വനിതകൾക്ക് ഇലക്ട്രിക് ഫിഷ് വെൻഡിംഗ് ഓട്ടോ കിയോസ്കുകളുടെ വിതരണം, മത്സ്യത്തൊഴിലാളി ഭവനങ്ങളുടെ പുനരുദ്ധാരണം, സീ ഫുഡ് കഫറ്റേരിയ സ്ഥാപിക്കൽ, ഫിഷ് വെൻഡിംഗ് കം ഫുഡ് ട്രക്കിന്റെ വിതരണം, മത്സ്യക്കച്ചവടത്തിനായി ഇ-സ്കൂട്ടറിന്റെ വിതരണം എന്നിവയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ച് വരുന്നു. ഈ പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് 2025 ഏപ്രിൽ മാസം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>ആറ് മത്സ്യഗ്രാമങ്ങളിലായി നടപ്പിലാക്കുന്ന കാലാവസ്ഥ പ്രതിരോധ തീരദേശ മത്സ്യഗ്രാമ പദ്ധതിയിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ആവശ്യമായ ഫിഷ് വെൻഡിംഗ് കിയോസ്കുകളുടെ വിതരണം, പോർട്ടബിൾ സോളാർ ഡ്രയറിന്റെ വിതരണം, കടൽ സുരക്ഷാ ഉപകരണങ്ങളുടെ വിതരണം, ഓരുജല മത്സ്യകൃഷി എന്നിവയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടികൾ വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ച് വരുന്നു.. 2025 മെയ് മാസത്തോടു കൂടി ഈ പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## കേന്ദ്രസർക്കാർ ധനസഹായത്താൽ തീരദേശവികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന ആധുനിക സംയോജിത മത്സ്യഗ്രാമം പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ

കാലാവസ്ഥ വ്യതിയാന പ്രതിരോധ തീരദേശ മത്സ്യഗ്രാമം പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### 1. തിരുവനന്തപുരം

തിരുവനന്തപുരം ജില്ലയിൽ നിന്നും പള്ളം മത്സ്യഗ്രാമമാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതിയുടെ ഘടക പദ്ധതിയിൽ ഉൾപ്പെട്ട മൾട്ടി പർപ്പസ് ഫിഷറീസ് സെന്റർ നിർമ്മിക്കുന്നതിനായി പള്ളത്ത് സ്ഥലം അനുവദിച്ചു കൊണ്ടുള്ള അനുമതി പത്രം ജില്ലാ കളക്ടറിൽ നിന്നും ലഭ്യമാകുകയും തുടർ നടപടികൾ സ്വീകരിക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

ടി മത്സ്യഗ്രാമത്തിലെ മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ഉന്നമനവും ജീവസന്ധാരണവും ലക്ഷ്യമാക്കിയുള്ള മത്സ്യം വില്പനയ്ക്കും സംസ്കരണത്തിനുമുള്ള പദ്ധതി, കടലിൽ പോകുമ്പോഴുള്ള ജീവൻ രക്ഷയ്ക്കായി ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി എന്നിവക്ക് വേണ്ടി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. പള്ളം മത്സ്യഗ്രാമത്തിൽ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നിനുള്ള നടപടികളും പുരോഗമിക്കുന്നുണ്ട്.

### 2. കൊല്ലം

പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ ഇരവിപുരം സൗത്ത് മത്സ്യഗ്രാമത്തെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

ടി പദ്ധതിയുടെ ഭാഗമായ ഫിഷറീസ് ഇൻഫ്രാസ്ട്രക്ചർ പ്രവർത്തനങ്ങൾക്ക് കൊല്ലം കോർപ്പറേഷനിൽ നിന്നും NOC ലഭ്യമായിട്ടുള്ളതും, ഫിഷറീസ് ഇക്കണോമിക് ആക്ടിവിറ്റിയുടെ ഭാഗമായ വിവിധ പദ്ധതികളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടന്നുകൊണ്ടിരിക്കുകയുമാണ്.

### 3. ആലപ്പുഴ

### തോട്ടപ്പള്ളി

പദ്ധതിയുടെ ഭാഗമായി തോട്ടപ്പള്ളി മത്സ്യഗ്രാമത്തിൽ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തിയ ഘടക പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

1) Distribution of Auto Fish Vending Kiosk – 5 അപേക്ഷ ലഭിച്ചിട്ടുണ്ട്.

2) Distribution of portable solar dryer – 7 ഗ്രൂപ്പുകളുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

3) Distribution of Lifejacket – 13 ഗ്രൂപ്പുകളുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട് .

4) Establishment of a Multi Purpose Fisheries Centre – മൾട്ടി പർപ്പസ് ഫിഷറീസ് സെന്റർ നടത്തിപ്പിനായി പുറക്കാട് വില്ലേജിൽ തോട്ടപ്പള്ളി മണ്ണംപുറത്ത് ഫിഷറീസ് വകുപ്പിന് കൈമാറി കിട്ടിയ സർവ്വേ നമ്പർ 123/2 ൽപ്പെട്ട പുറമ്പോക്ക് ഭൂമിയിൽ

നിന്നും 3 സെന്റ് ഭൂമി ടി പ്രവൃത്തിക്കായി വിനിയോഗിക്കുന്നതിന് അനുമതിപത്രം നൽകിയിട്ടുണ്ട്. ടെക്നിക്കൽ സാങ്ഷൻ ലഭിച്ച ശേഷം നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്.

5) Installation of Marine grade solar Mini mast lights – തോട്ടപ്പള്ളി വാർഡ് നമ്പർ 8 ൽ കൊട്ടാരവളവ് എന്ന സ്ഥലത്ത് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

6) Installation of RO Plant – പുറക്കാട് പഞ്ചായത്തിലെ വാർഡ് 10 ൽ തോട്ടപ്പള്ളി ഹാർബറിനുള്ളിലെ ഭൂമിയിൽ ആർ.ഒ പ്ലാന്റ് സ്ഥാപിക്കുന്നതിന് സ്ഥല പരിശോധന നടത്തിയിട്ടുണ്ട്.

**4. അഴീക്കൽ**

പദ്ധതിയുടെ ഭാഗമായി അഴീക്കൽ മത്സ്യഗ്രാമത്തിൽ 2 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു തുടർ നടപടികൾ സ്വീകരിച്ചു വരുന്നു .

1) Distribution of Auto Fish Vending Kiosk – 5 ഗ്രൂപ്പുകളുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്

2) Distribution of portable solar dryer – 10 ഗ്രൂപ്പുകളുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്

3) Distribution of Lifejacket – 3 ഗ്രൂപ്പുകളുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്

4) Multi Purpose Fisheries Centre – നിർമ്മിക്കുന്നതിന് പട്ടണക്കാട് ഗ്രാമപഞ്ചായത്ത് പെർമിസ്സീവ് സാങ്ഷൻ നൽകിയിട്ടുണ്ട്. ടെക്നിക്കൽ സാംഗ് ഷൻ ലഭിക്കുന്ന മുറക്ക് തുടർ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

5) Installation of Plastic bins – അഴീക്കൽ ബീച്ചിൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

6) Installation of Marine grade solar Mini mast lights – സ്ഥല പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**5. എറണാകുളം.**

**ഞാറക്കൽ.**

Establishment of a Multi Purpose Fisheries Centre, Installation of Marine grade solar Mini mast lights (2 units), Distribution of Life jackets to 10 selected fisherfolk groups of 5 Nos each (50 Nos) എന്നീ അടിസ്ഥാന സൗകര്യ പദ്ധതികളുടെ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

Distribution of Auto Fish Vending Kiosk, Distribution of portable solar dryer,Distribution of Life jacket എന്നീ ഘടകങ്ങൾക്ക് അപേക്ഷകൾ ക്ഷണിച്ച് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**6. എടവനക്കാട്**

Construc on of Common Market,Installa on of Marine grade solar Mini

mast lights (1 No)എന്നീ അടിസ്ഥാന സൌകര്യ പദ്ധതികളുടെ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

Fish Vending Kiosk (4 Nos),Brackish Water Aquaculture (21 Nos) എന്നീ ഘടകങ്ങൾക്ക് അപേക്ഷകൾ ക്ഷണിച്ച് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ആധുനിക സംയോജിത മത്സ്യഗ്രാമം പദ്ധതിയുടെ വിവരങ്ങൾ

1. IMCFV ARATTUPUZHA

### 1. Aqua hub for Ornamental Fish Culture

പദ്ധതി തുടങ്ങുന്നതിനായി ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ ഉള്ള ഭൂമി ഉടമസ്ഥാവകാശം മാറ്റം വരുത്താതെ ഉപയോഗിക്കുന്നതിന് പഞ്ചായത്ത് അനുമതി നൽകിയിട്ടുണ്ട് . 10 ഗുണഭോക്തൃ ഗ്രൂപ്പുകളെ തെരെഞ്ഞെടുത്തു പരിശീലനം നൽകിയിട്ടുണ്ട്.

2. Establishment of Fishermen community development centre

ആറാട്ടുപുഴ വില്ലേജിലെ ബ്ലോക്ക് നം.17 ൽ സർവ്വേ നമ്പർ 204/1ൽ പ്പെട്ട പുറമ്പോക്ക് ഭൂമിയിൽ നിന്നും 02.54 ആർസ് ഭൂമി പദ്ധതിയുടെ ഭാഗമായ കമ്യൂണിറ്റി ഡെവലപ് മെന്റ് സെന്റർ നിർമ്മിക്കുന്നതിന് ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി നിബന്ധനകൾക്ക് വിധേയമായി ഫിഷറീസ് വകുപ്പിന് കൈമാറി ഉത്തരവായിട്ടുണ്ട്. ടെക്നിക്കൽ സാങ്ഷൻ ലഭിച്ചതിന് ശേഷം തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്.

3. Distribution of portable solar dryer to selected 20 fisher women groups

ഗുണഭോക്തൃ തെരഞ്ഞെടുപ്പ പ്രവൃത്തി പുരോഗമിക്കുന്നു. സോളാർ ഡ്രയർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സാങ്കേതിക നിർദ്ദേശങ്ങൾക്കായി കേന്ദ്രീയ സ്ഥാപനമായ CIFT മായി തീരദേശ വികസന കോർപ്പറേഷൻ ചർച്ച നടത്തിയിരുന്നു

4. Distribution of 500 nos. of 100 litter capacity Ice box to select fishermen

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഭാഗികമായി പൂർത്തീകരിച്ച ലിസ്റ്റ് തീരദേശ വികസന കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. തീരദേശ വികസന കോർപ്പറേഷൻ മുഖേന മത്സ്യഫെഡിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ബാലൻസ് നിൽക്കുന്ന 203 ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിന് പത്രപ്പരസ്യം നൽകുകയും 130 അപേക്ഷകൾ കൂടി ലഭ്യമാകുകയും ചെയ്തിട്ടുണ്ട് .

5. Aqua tourism activities – boat jetty construction

ഭൂമി സംബന്ധമായ അനുമതി പഞ്ചായത്തിൽ നിന്നും ലഭ്യമാകുകയും പ്രസ്തുത ഭൂമിയുടെ സർവ്വേ നടപടികൾ പൂർത്തീകരിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി തീരദേശ വികസന കോർപ്പറേഷൻ നൽകിയിട്ടുണ്ട്. സൈറ്റ് പ്ലാൻ അംഗീകരിച്ച് നൽകുന്നതിന് ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. CRZ, NOC അപേക്ഷകൾ സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു.

6. Installation of highmast light in the fishing hamlets

വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്.

7 . Diployment of 150 reef modules of the coast of Arattupuzha fishing village

റീഫ് മൊഡ്യൂൾസ് സെറ്റ് ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ റീഫ് സ്ഥാപിക്കുന്ന മുറയ്ക്ക് സ്ഥാപികുന്നതാണെന്നു KSCADCഅറിയിച്ചിട്ടുണ്ട്.

8. Cage Culture in Kayamkulam Back water

കൂട് കൃഷി നടത്തിപ്പിന് ആറാട്ടുപുഴ മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണസംഘം ക്ലിപ്തം നമ്പർ DF (A) 63/92, വലിയഴിക്കൽ ആറാട്ടുപുഴ വികസനക്ഷേമ സഹകരണസംഘം ക്ലിപ്തംനമ്പർ F (A) 43 എന്നീ സംഘങ്ങളെ ജില്ലാതല അപ്രൂവൽ

കമ്മിറ്റിയിൽ ഗുണഭോക്തൃ ലിസ്റ്റിൽ അംഗീകരിച്ചിട്ടുണ്ട്.

**2. എറണാകുളം**

എറണാകുളം ജില്ലയിൽ പി.എം.എം.എസ്.വൈ. പദ്ധതിയുടെ ഭാഗമായി മത്സ്യഗ്രാമപദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി എറണാകുളം ജില്ലയിലെ മത്സ്യഗ്രാമങ്ങളായ ചെല്ലാനം, നായരമ്പലം എന്നിവിടങ്ങളിലാണ് വിഭാവനം ചെയ്യുന്നത്. ടി പദ്ധതിയുടെ ഉപഘടകങ്ങളായ യൂട്ടിലിറ്റി സെന്റർ, ഫിഷ് ലാന്റിംഗ് സെന്റർ, ഫിഷ് പ്രോസസിംഗ് സെന്റർ, ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം എന്നിവയുടെ പ്രാരംഭ നടപടികളുടെ ഭാഗമായ സ്ഥലം ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ചു വരുന്നു. ഗുണഭോക്താക്കളെ ആവശ്യമായി വരുന്ന ഉപഘടകങ്ങളായ കിയോസ്ക്, ഐസ്ബോക്സ്, ഓരു ജല മത്സ്യകൃഷി, കൃത്രിമ പാര് എന്നിവയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടികൾ അന്തിമഘട്ടത്തിലാണ്.

**3. തൃശ്ശൂർ**

തൃശ്ശൂർ ജില്ലയിൽ എടക്കഴിയൂർ ഫിഷിംഗ് വില്ലേജിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. എടക്കഴിയൂർ മാതൃകാ മത്സ്യഗ്രാമവുമായി ബന്ധപ്പെട്ട പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**Development of Fish Landing Centre**

ടി ഘടകത്തിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**Construction of Rehabilitation Centre cum Awareness Centre**

ജി.എം.എൽ.പി.എസ്., എടക്കഴിയൂർ സ്കൂളിന്റെ മുകൾ ഭാഗത്ത് പണിയുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. വിദ്യാഭ്യാസ വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭിക്കുന്നതിനുള്ള നടപടികൾ സീകരിച്ചു വരുന്നു.

**Establishment of Fisherfolk dwellings with required basic amenities**

22 വീടുകൾ നിർമ്മിക്കുന്നതിന് അതിർത്തി തിരിച്ച് രേഖകൾ തയ്യാറാക്കി പട്ടയം ലഭ്യമായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**Establishment of Sea food cafeteria / fish product outlet for fisher women empowerment**

പദ്ധതിയ്ക്ക് വേണ്ടി മൊബൈൽ യൂണിറ്റ് പ്രയോജനപ്പെടുത്തുന്നതിനും ഇതിനുവേണ്ടി സാഫ് യൂണിറ്റുകളിൽ നിന്നും അനുയോജ്യരായവരെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**Establishment of OBM repair centre**

സ്ഥലത്തിന്റെ പെർമിസ്സീവ് സാങ്ഷൻ ലഭ്യമായിട്ടുണ്ട്. നിർമ്മാണം ആരംഭിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**Creation of Coastal bio shield**

പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചവടി ബീച്ച് പരിസരത്ത് സ്ഥലം നിശ്ചയിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ തുടർ നടപടിക്രമങ്ങൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി സ്വീകരിച്ചു വരുന്നു.

**Deployment of artificial reef modules of the coast of Edakkazhiyur fishing village**

കൃത്രിമപാരുകൾ സ്ഥാപിക്കേണ്ട സ്ഥലത്തിന്റെ coordinates കണ്ടെത്തിയിട്ടുണ്ട്. കൃത്രിമപാരുകൾ നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## 4. കോഴിക്കോട്

പദ്ധതിയുടെ ഓരോ ഘടകപദ്ധതികളുടെയും നിലവിലെ അവസ്ഥ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

ചാലിയം മത്സ്യഗ്രാമം പദ്ധതിയുടെ Developement Facilities of fish landing Center at Chaliyam,Fisheries Training Cum rehabiltation Center, OBM repair centre എന്നീ ഘടക പദ്ധതികൾക്കായി ഫിഷറീസ് വകുപ്പിന് വനംവകുപ്പിന്റെ സ്ഥലം വിട്ടുകിട്ടുന്നതിനായി PARIVESH പോർട്ടൽ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.

മത്സ്യവില്പ്പന കിയോസ്ക് സംരംഭത്തിനായി അപേക്ഷ ക്ഷണിക്കുകയും ആയത് പ്രകാരം ആവശ്യമായ 04 യൂണിറ്റുകളക്കായി 04 ഗുണഭോക്താക്കളെ 06/02/2025 തിയ്യതിയിൽ ചേർന്ന ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ഗുണഭോക്താവ് പിന്മാറിയതിനാൽ ആയതിലേക്കായി പുതിയ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

ഫിഷ് വെൻഡിംഗ് കം ഫുഡ് ട്രക്ക് പദ്ധതി, ഐസ് ബോക്സ് വിതരണം ചെയ്യുന്ന പദ്ധതി, ഇ-സ്കൂട്ടർ വിതരണം ചെയ്യുന്ന പദ്ധതി എന്നിവയ്ക്കായി അപേക്ഷ ക്ഷണിക്കുകയും, ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ച ലിസ്റ്റ് പ്രകാരം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ബയോ ഷീൽഡിംഗ് പദ്ധതി യാഥാർഥ്യമാക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് തുടർനടപടി കൈക്കൊണ്ടിട്ടുണ്ട്.

കൃത്രിമപാര് നിക്ഷേപിക്കുന്നതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് അടിത്തട്ടിലെ മണ്ണിന്റെ ഘടന മനസ്സിലാക്കുന്നതിനായി CMFRI-യുമായി സഹകരിച്ച് സാമ്പിൾ സർവ്വേ നടത്തിയിട്ടുണ്ട്. റീഫ് നിർമ്മാണ പ്രവൃത്തി KSCADC പൂർത്തിയാക്കിയിട്ടുമുണ്ട്.

**മലപ്പുറം**

മലപ്പുറം ജില്ലയിലെ താനൂർ/ പൊന്നാനി തീരദ്ദേശ മേഖലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത് .

## 5. താനൂർ മാതൃകാ മത്സ്യഗ്രാമം

1. Artificial reef -CMFRI-യുടെ സേവനം പ്രയോജനപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.
2. Fishermen Dwelling - ശോചനീയമായ വീടുകളുടെ പുനരുദ്ധാരണത്തിനായി താനൂരിൽ 41 അപേക്ഷകരുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കി PMMSY ജില്ലാതല അപ്രൂവൽ കമ്മിറ്റിയിൽ അംഗീകാരം വാങ്ങി നടപടികൾ സ്വീകരിച്ച വരുന്നു.
3. പൊന്നാനി, താനൂർ മത്സ്യഗ്രാമങ്ങളിലെ Establishment of Aquarium cum rearing Unit ന് വേണ്ടിയുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

4. Establishment of Aquarium cum rearing Unit പ്രവൃത്തിക്ക് CRZ Clearence ന് വേണ്ടിയുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## 6. പൊന്നാനി മാതൃകാ മത്സ്യഗ്രാമം

1. Fishermen Dwelling - ശോചനീയമായ വീടുകളുടെ പുനരുദ്ധാരണത്തിനായി പൊന്നാനിയിൽ 451 അപേക്ഷകരുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കി PMMSY ജില്ലാതല അപ്രൂവൽ കമ്മിറ്റിയിൽ അംഗീകാരം

വാങ്ങി തുടർ നടപടി സ്വീകരിച്ച വരുന്നു.

2. Disaster Resilient Settlement – മുൻസിപാലിറ്റിയുടെ കൈവശമുള്ള തെക്കകടവിലെ ഭൂമിയിൽ നിർമ്മാണ പ്രവൃത്തിക്ക് മുൻസിപ്പൽ സെക്രട്ടറി അനുമതി നൽകിയിട്ടുണ്ട്.
3. Construction of community facility center പ്രവൃത്തിക്ക് CRZ Clearence പൊന്നാനി മുൻസിപ്പാലിറ്റിയിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**7. കണ്ണൂർ**

കണ്ണൂർ ജില്ലയിൽ ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംങ്ങ് വില്ലേജ് ചാലിൽ ഗോപാൽപേട്ട പദ്ധതി പ്രകാരം ഫിഷറീസ് എക്സ്റ്റൻഷൻ കം യൂട്ടിലിറ്റി സെന്റർ, OBM റിപ്പയർ സെന്റർ, ടോയ്‌ലറ്റ് ബ്ലോക്ക്, KEC, Nayanar Colony സെപ്‌റ്റേജ് യൂണിറ്റ് എന്നീ പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഫിഷ് മാർക്കറ്റിനായി പ്രൊപ്പോസ് ചെയ്തിരിക്കുന്ന സ്ഥലത്ത് നിർമ്മാണം ആരംഭിക്കുന്നതിനുള്ള അനുമതിക്കായി ജില്ലാ കലക്ടർ കണ്ണൂരിന് നൽകിയിട്ടുണ്ട്. ആർട്ടിഫിഷൽ റീഫ് നിക്ഷേപ പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലം നിശ്ചയിക്കുകയും, ആയതിന്റെ അനുയോജ്യത നിർണ്ണയിക്കുന്നതിനായി CMFRI-യുടെ സേവനം ആവശ്യപ്പെട്ടിട്ടുണ്ട്. ബയോഷീൽഡ് പദ്ധതിയുമായി ബന്ധപ്പെട്ട് സോഷ്യൽ ഫോറസ്ട്രി വകുപ്പ് അനുയോജ്യമായ സ്ഥലം കണ്ടെത്തുകയും, അനുയോജ്യമായ മരങ്ങൾ നിശ്ചയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

**8. കാസർഗോഡ്**

കേന്ദ്രസർക്കാർ ധനസഹായത്താൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന മത്സ്യഗ്രാമം പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച പുരോഗതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.Construction of Community Facility Centre

മേൽ സൂചിപ്പിച്ചിരിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി സ്ഥലം ലഭ്യമാവുകയും KSCADC തുടർനടപടികൾ സ്വീകരിച്ച വരുകയും ചെയ്യുന്നു. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും നിർമ്മാണാനുമതി ലഭ്യമാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ച വരുന്നു . ടെണ്ടർ നടപടികൾ പൂർത്തീകരിച്ച .

2 Installation of Cold Storage Facility

മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി സ്ഥലം കണ്ടെത്തിയ മഞ്ചേശ്വരം ഹാർബർ നിലവിൽ പൂർണ്ണമായും പ്രവർത്തന സജ്ജമല്ലാത്തതിനാൽ ടി ഹാർബറിനോട് ചേർന്നുള്ള തൊട്ടടുത്ത ഹൊസബെട്ടു കടപ്പുറത്ത് സ്ഥാപിക്കുന്നതിനായി പ്രസ്തുത സ്ഥലത്തിന്റെ പെർമിസ്സീവ് സാങ്ഷൻ ലഭ്യമാക്കുന്നതിനായി എക്സിക്യൂട്ടിവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്-ന് കത്ത് നല്കിയിട്ടുണ്ട് .

3.Establishment of Fish Processing Kiosk

മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി സ്ഥലം കണ്ടെത്തിയ മഞ്ചേശ്വരം ഹാർബർ നിലവിൽ പൂർണ്ണമായും പ്രവർത്തന സജ്ജമല്ലാത്തതിനാൽ ടി ഹാർബറിനോട് തൊട്ടടുത്ത ഹൊസബ്‌പെട്ടു കടപ്പുറത്ത് സ്ഥാപിക്കുന്നതിനായി ടി സ്ഥലത്തിന്റെ പെരമിസ്സീവ് സാങ്ഷന് ലഭ്യമാക്കുന്നതിനായി എക്സിക്യൂട്ടിവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്-ന് കത്ത് നല്കിയിട്ടുണ്ട് .

4.Establishment of Sea food Cafeteria as a livelihood support to fisherwoman

മുട്ടം ബേരിക്ക ബീച്ചിൽ പഞ്ചായത്ത് സ്ഥലം കണ്ടെത്തി, പെർമിസ്സീവ് സാങ്ഷൻ ലഭ്യമായിട്ടുണ്ട്.

5.Establishment of ETP at harbour premises

മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി സ്ഥലം കണ്ടെത്തിയ മഞ്ചേശ്വരം ഹാർബർ നിലവിൽ പൂർണ്ണമായും പ്രവർത്തനന സജ്ജമല്ലാത്തതിനാൽ ടി ഹാർബറിനോട് ചേർന്നുള്ള തൊട്ടടുത്ത ഹോസബെട്ടു കടപ്പുറത്ത് സ്ഥാപിക്കുന്നതിന്റെ സാധ്യത പരിശോധിച്ച് വരുന്നു

6.Fish Vending Kiosk to selected fisher folk groups of Shiriya FV

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു

7.Coastal bio shielding

മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അനുയോജ്യമായ പ്ലാന്റ് സ്പീഷിസ് ഏതൊക്കെയാണെന്ന് നിരർദേശിക്കുന്നതിനു ഫോറസ്റ്റ് വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

8.Deployment of Artificial Reef Modules of the cost of Shiriya Fishing Village

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഷിറിയ മത്സ്യഗ്രാമത്തിലെ 5 മത്സ്യത്തൊഴിലാളി പ്രമുഖരെ ഉൾപ്പെടുത്തി ഒരു Artificial Reef Steering Committee (ARSC) രൂപീകരിക്കുകയും, ആയതിലെ അംഗങ്ങളുടെ വിവരങ്ങൾ നിശ്ചിത പ്രോഫോർമയിലും കൃത്രിമപ്പാര് നിക്ഷേപിക്കുന്നതിന് സമ്മതമാണെന്ന് കാണിച്ച് ARSC അംഗങ്ങൾ ഒപ്പുവെച്ച സമ്മത പത്രവും ഇതിനോടകം തുടരനടപടികൾക്കായി ഫിഷറീസ് ഡയരക്ടർക്കും, റീജിയണൽ മാനേജർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, കോഴിക്കോട്-നും സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള സ്ഥലത്ത് ചെളിമണ്ണിന്റെ സാന്നിധ്യം ഉണ്ടെന്ന് പരിചയ സമ്പന്നരായ മത്സ്യതൊഴിലാളികൾ അറിയിച്ചതിനാൽ ആർട്ടിഫിഷ്യൽ റീഫ് നിക്ഷേപിക്കാൻ അനുയോജ്യമാണോ എന്ന വിദഗ്ധ അഭിപ്രായം തേടുന്നതിനായി CMFRI-യുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു

9.Establishment of OBM repair centre

മേൽ പദ്ധതിക്കായി സ്ഥലം കണ്ടെത്തിയ മഞ്ചേശ്വരം ഹാർബർ നിലവിൽ പൂർണ്ണമായും പ്രവർത്തന സജ്ജമല്ലാത്തതിനാൽ ടി ഹാർബറിനോട് ചേർന്നുള്ള തൊട്ടടുത്ത ഹൊസബെട്ടു കടപ്പുറത്ത് സ്ഥാപിക്കുന്നതിനായി ടി സ്ഥലത്തിന്റെ പെർമിസ്സീവ് സാങ്ഷൻ ലഭ്യമാക്കുന്നതിനായി എക്സിക്യൂട്ടിവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കത്ത് നല്കിയിട്ടുണ്ട്.

10.Distribution of 100 ltr capacity Ice box to selected 100 fisherman

മേൽ പദ്ധതിക്കായി 151 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ 100 പേരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് .

11.Establishment of Public Toilet @ Manjeswar Fishing Harbour

ടി പദ്ധതിക്കായി സ്ഥലം കണ്ടെത്തിയ മഞ്ചേശ്വരം ഹാർബർ, നിലവിൽ പൂർണ്ണമായും പ്രവർത്തന സജ്ജമല്ലാത്തതിനാൽ ടി ഹാർബറിനോട് ചേർന്നുള്ള തൊട്ടടുത്ത ഹോസബെട്ടു കടപ്പുറത്ത് സ്ഥാപിക്കുന്നതിനായി ടി സ്ഥലത്തിന്റെ പെർമിസ്സീവ് സാങ്ഷൻ ലഭ്യമാക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കത്ത് നല്കിയിട്ടുണ്ട് .